തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ പോസ്റ്റ് ഡിപ്ലോമാ കോഴ്സ്

118 [162] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ സെറാമിക്സ് എന്ന വിഷയത്തിന് പോസ്റ്റ് ഡിപ്ലോമാ കോഴ്സ് ആരംഭിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേലുള്ള നടപടികൾ എന്തുവരെയായി എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

സംയുക്ത വിദ്യാർത്ഥി സംഘടനകളുടെ നിവേദനം

119 [163] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയുക്ത വിദ്യാർത്ഥി സംഘടനകൾ ഈ വർഷം സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) അവയിൽ ഏതെല്ലാം ഇതിനകം ഗവൺമെൻറ് അനുവദിച്ചു;

(സി) ബാക്കി ഡിമാൻറുകൾ അനുവദിക്കാതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം കാണുക *

(ബി) (1) 85 കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം ആരംഭിക്കുന്നതിന് അനുവാദം നൽകി.

(2) വിദ്യാർത്ഥികളുടെ ജനാധിപത്യാവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകി.

(3) ജീർണ്ണിച്ച വിദ്യാലയങ്ങൾ പുതുക്കി പണിയുന്നതിനുവേണ്ടി, സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നും പരമാവധി തുകയ്ക്ക് ഭരണാനുമതി നൽകി.

(4) ഹരിജന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് വേണ്ട നിർദ്ദേശം നൽകി.

(5) കുമാരപിള്ള കമ്മീഷനിലെ സാമ്പത്തിക വ്യവസ്ഥകളിൽ ഉചിതമായ മാറ്റം വരുത്തി മുന്നോക്ക പിന്നോക്കഭേദമന്യേ അർഹരായ എല്ലാ പേർക്കും നൽകാൻ തീരുമാനിച്ചു.

(6) സാങ്കേതിക സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രശ്നങ്ങളെ സംബന്ധിച്ച് അവരുമായി ചർച്ച നടത്തി ചർച്ചയിലെ തീരുമാനങ്ങൾ പാലിച്ചുകൊണ്ടിരിക്കുകയാണ്.

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(7) സർവ്വകലാശാലകളിലെ പ്രൈവറ്റ് രജിസ്ട്രേഷനെക്കുറിച്ചും അപ്രകാരം രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെ കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റവന്യൂബോർഡ് മെമ്പർ ശ്രീ. സക്കറിയാ മാത്യുവിനെ ഒരു ഏകാംഗകമ്മീഷനായി നിയമിച്ചു. രണ്ടു മാസത്തിനകം കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(8) കേരളാ-കോഴിക്കോട് സർവ്വകലാശാലാധികൃതരോട് പ്രൈവറ്റ് രജിസ്ട്രേഷനുള്ള ഫീസ് ഏകീകരിക്കണമെന്ന കാര്യം പ്രസ്തുത യൂണിവേഴ്സിറ്റികളുടെ പരിഗണനക്ക് കൊടുത്തിട്ടുണ്ട്.

(9) ഹൈസ്ക്കൂൾ സിലബസ് പരിഷ്കരണ കമ്മിറ്റിയിൽ ഒരു വിദ്യാർത്ഥി പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടികളെടുത്തുവരുന്നു.

(10) അടുത്തവർഷം കൂടുതൽ കോളേജുകളിൽ ഷിഫ്റ്റ് ഏർപ്പെടുത്താൻ കഴിയുമോ എന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഗവൺമെന്റിന്റെ വർദ്ധിച്ചുവരുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ എല്ലാം ചെയ്തിട്ടുണ്ട്. ബാക്കി ഡിമാൻറുകൾ സാമ്പത്തിക പരാധീനതമൂലം അനുവദിക്കാൻ നിർവാഹമില്ല.

കണത്താർകുന്നം എൽ. പി. സ്കൂളിന് പുതിയ കെട്ടിടം

120 [164] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഡി. ഇ. ഒ. യുടെ പരിധിയിലുള്ള കണത്താർകുന്നം എൽ. പി. എസ്സിന് ഒരു കെട്ടിടം കൂടി നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡി. ഇ. ഒ. യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

പുതിയതായി ആരംഭിക്കുന്ന വിദ്യാഭ്യാസ ജില്ലകൾ

121 [168] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി എത്ര വിദ്യാഭ്യാസ ജില്ലകളാണ് ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) അവ എവിടെയെല്ലാം;

(സി) വൈക്കം കേന്ദ്രമാക്കി ഒരു പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുവാൻ അപേക്ഷകൾ വല്ലതും കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

12. S. N. College, Nattika
13. Sreekrishna College, Guruvayoor
14. St. Aloysius College, Elthuruth
15. Sree Vyasa N. S. S. College, Wadakkancherry
16. Christ College, Irinjalakuda
17. Sir Syed College, Taliparamba
18. St. Thomas College, Trichur
19. Keala Varma College, Trichur
20. P. S. M. O. College, Thirurangadi
21. St. Mary's College, Trichur
22. M. E. S. Mampad College, Mampad
23. Vimala College, Trichur
24. Devagiri College, Calicut

അനുബന്ധം III

[3-10-1979-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ 119 (163) കാണുക]

1. എല്ലാ കോളേജുകളിലും ഷിഫ്റ്റ് ആരംഭിക്കുക, പുതിയ സാങ്കേതിക സ്ഥാപനങ്ങളും തുടങ്ങുക.

2. യാത്രാസൗകര്യം വിപുലപ്പെടുത്തുക.

3. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിതരണത്തിലുള്ള അഴിമതികളെക്കുറിച്ച് അന്വേഷിക്കുക.

4. വിദ്യാർത്ഥികളുടെ ജനാധിപത്യാവകാശങ്ങളും ഉറപ്പുവരുത്തുക.

5. ഹരിജൻ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുകയും യഥാസമയം വിതരണം ചെയ്യുകയും ചെയ്യുക.

6. പാരലൽ വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ നൽകുക, അഫിലിയേറ്റഡ് കോളേജ് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങളും അവർക്കും നൽകുക.

7. നിർദ്ധന വിദ്യാർത്ഥികൾക്ക് U. P. ഘട്ടം വരെയും സൗജന്യ ഭക്ഷണവും, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മിതമായ നിരക്കിൽ കാൻറീൻ സൗകര്യവും ഏർപ്പെടുത്തുക.

8. ഹൈസ്ക്കൂൾ സിലബസ് ശാസ്ത്രീയമായി ലഘൂകരിക്കുക.

9. ജീർണ്ണിച്ച വിദ്യാലയങ്ങളും പുതുക്കിപ്പണിയുക വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കുക.

10. പ്രീഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുക.

11. കുമാരപിള്ളക്കമ്മീഷനിലെ സാമ്പത്തിക വ്യവസ്ഥകളിൽ കാലികമാറ്റം വരുത്തുക.

12. സ്കോളർഷിപ്പുകളുടെ എണ്ണവും, തുകയും വർദ്ധിപ്പിക്കുക, യഥാസമയം വിതരണം ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

13. I. T. I., J. T. S., Polytechnic, തുടങ്ങിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രശ്നങ്ങൾ പരിഹരിക്കുക.

14. പരീക്ഷാക്രമക്കേടുകൾ ഇല്ലാതാക്കുക. വാല്യുവേഷനുശേഷം ഉത്തരക്കടലാസുകൾ തിരിച്ചു നൽകുക.

അനുബന്ധം IV

[3-10-1979-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ 123 (172) കാണുക]

'എ'

1. വെച്ചൂച്ചിറ
2. വാകത്താനം
3. പള്ളിക്കത്തോട്
4. മരങ്ങാട്ടുപള്ളി
5. മേലുകാവ്
6. കിടങ്ങൂർ
7. കുറുവാരക്കുണ്ട്
8. കഞ്ഞിക്കുഴി
9. പരപ്പനങ്ങാടി
10. വിളപ്പിൽശാല
11. പാറിപ്പള്ളി
12. കൽപ്പറ്റ

'ബി'

1. കട്ടപ്പന
2. കെ. പി. കോളനി
3. വണ്ടൻമേട്
4. ശാന്തമ്പാറ
5. കാളിയാർ
6. മുറിക്കശ്ശേരി
7. ശംഖുമല
8. ശബരിമല
9. പീരുമേട്
10. പെരുവന്താനം
11. കുമളി
12. കുയിലിമല

LIBRARY ARCHIVES Kerala Legislative Assembly